(സി) സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തിക ശേഷിയുടെ അടിസ്ഥാനത്തിൽ നടത്താവുന്ന ടാക്സേഷൻ പരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയാണെന്നും ഇപ്പോൾ ചുമത്തിയിട്ടുള്ള പരിധി എത്രയാണെന്നും വെളിപ്പെടുത്തുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) 28-4-2014-ലെ സർക്കാർ ഉത്തരവ് നമ്പർ 151 പ്രകാരം അധിക വിഭവ സമാഹരണം സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായും ചീഫ് സെക്രട്ടറി കൺവീനറായും സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ ചെയർമാൻ, ധനകാര്യ അഡിഷണൽ ചീഫ് സെക്രട്ടറി എന്നിവർ മെമ്പർമാരായും ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ടി കമ്മിറ്റിയുടെ ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് അത് സംബന്ധിച്ച തുടർ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

(ബി) ട്രഷറികളിൽ ശേഷിച്ചിട്ടുള്ള പിൻവലിക്കപ്പെട്ട നാണയങ്ങൾ, നോട്ടുകൾ, മറ്റ് ചരിത്ര വസ്തുക്കൾ എന്നിവയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇവ ലേലം ചെയ്ത് മുതൽക്കൂട്ടുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) സംസ്ഥാനത്തെ ജനങ്ങളുടെ സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിൽ നടത്താവുന്ന ടാക്സേഷൻ പരിധി നിശ്ചയിച്ചിട്ടില്ല. കേരളത്തിന്റെ തനത് വരുമാനത്തിന്റെ 70 ശതമാനവും പിരിച്ചെടുക്കുന്നത് വിൽപന നികുതി, മൂല്യവർദ്ധിത നികുതി എന്നിവയിൽ നിന്നാണ്. ഇവ പരോക്ഷ നികുതികൾ ആയതിനാൽ സാമ്പത്തികശേഷിയുടെ അടിസ്ഥാനത്തിലല്ല മറിച്ച് ജനങ്ങളുടെ ഉപഭോഗത്തെയാണ് ആശ്രയിച്ചിരിക്കുന്നത്.

വൈദ്യുതി പോസ്റ്റുകളിലെ പരസ്യ ബോർഡുകൾ

29 (*T 779) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ. ശെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ പരിധികളിലുള്ള വൈദ്യുതി പോസ്റ്റുകളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് ഉള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനാദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY, ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം വകുപ്പുകളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് എന്നറിയിക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ&ബി) കേരള സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടുകൂടിയുള്ള Clean Kerala Company Limited എന്ന കമ്പനി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയുടെ feasibility report ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഇത് ബോർഡ് പരിശോധിച്ചുവരികയാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ലോ ടെൻഷൻ വിതരണ ശൃംഖലയുടെ സുപ്രധാന ഘടകമായ വൈദ്യുതി ലൈനുകളുടെ അനധികൃത ഉപയോഗം തടഞ്ഞ് പ്രസ്തുത പോസ്റ്റുകൾ ഉപയോഗപ്പെടുത്തി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വരുമാനം വർദ്ധിപ്പിക്കൽ, മാലിന്യ നിയന്ത്രണം, Clean Kerala എന്ന ആശയപ്രചരണം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി Clean Kerala Company Limited ആവിഷ്കരിച്ച പദ്ധതിയാണിത്. എൽ.റ്റി. പോസ്റ്റുകളുടെ ചുവടെ SMC material ഉപയോഗിച്ച് നിലം 3 മീറ്ററിൽ കവിയാത്ത വിധം പോസ്റ്റിന് cladding ഏർപ്പെടുത്തുകയും പരസ്യങ്ങൾ, സന്ദേശങ്ങൾ എന്നിവ നിശ്ചിത കാലത്തേക്ക് മുൻകൂട്ടി നിശ്ചയിച്ച താരിഫ് അനുസരിച്ച് cladding-ന്റെ പുറത്ത് പ്രദർശിപ്പിക്കുവാനുള്ള അനുമതി നൽകുകയും ചെയ്യുക എന്നുള്ളതാണ് പദ്ധതിയിലെ നിർദ്ദേശങ്ങളിൽ ഒന്ന്. ഇതിന്റെ അടുത്ത ഘട്ടമായി ട്രാൻസ്ഫോർമർ സ്റ്റേഷനുകളിലേക്കും പ്രസ്തുത പരിപാടി വ്യാപിപ്പിക്കുന്നതിനുള്ള നിർദ്ദേശവും റിപ്പോർട്ടിലുണ്ട്.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കേരള സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനാണ് feasibility report വിഭാവനം ചെയ്യുന്നത്.

ബയോമെഡിക്കൽ മാലിന്യങ്ങളുടെ സംസ്കരണം

30 (*780) ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ആശുപത്രികളിൽനിന്നുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly